സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമേഖലാ സ്ഥാപനമായ എഫ്.എസി.ടി.-യുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ മുൻകേന്ദ്രസർക്കാരിന്റെ സമീപനം സ്ഥാപനത്തിന്റെ താല്പര്യത്തിന് അനുഗുണമായിരുന്നുവോ ; നിലപാട് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എറാക്ടിന്റെ സംരക്ഷണത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ ബദ്ധശ്രദ്ധമാണ്. ഫാക്ടിന്റെ പ്രവർത്തനത്തിനായി വാങ്ങുന്ന എൽ.എൻ.ജി.യ്ക്ക് വാറ്റ് ഒഴിവാക്കണമെന്ന ആവശ്യം സംസ്ഥാന മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും ഫാക്ടിനു കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിക്ക് വിധേയമായി ടി കമ്പനിക്ക് ഉചിതമായ നികുതിയിളവ് അനുവദിക്കുവാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഫാക്ടിനു വേണ്ടിയുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് ബി.ആർ.പി.എസ്.ഇ. അംഗീകരിച്ച് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിൻപ്രകാരം 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, നികുതി തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകളുടെ എഴുതിതള്ളൽ, നികുതി ഇളവ് മുതലായവ ഉൾപ്പെടുന്നു. പ്രസ്തുതസാമ്പത്തിക പാക്കേജിന് അടിയന്തര പ്രാധാന്യം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിച്ചുകൊണ്ട്, ബഹു. മുഖ്യമന്ത്രി, 30-05-2014-ൽ ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ കമ്പനി വാങ്ങിയിട്ടുള്ള അധിക ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി രണ്ടുവർഷത്തെ മൊറട്ടോറിയത്തിന് ശേഷം 10 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്ന 300 കോടി രൂപയുടെ പലിശരഹിത വായ്പ അനുവദിക്കുക, കമ്പനിയുടെ സപ്ലയർമാർക്കും, ഗ്രാറ്റുവിറ്റി ഇനത്തിൽ എൽ.ഐ.സി.ക്കും കൊടുത്തുതീർക്കുവാനുള്ള തുക നൽകുന്നതിനായി 250 കോടി രൂപ ഗ്രാന്റായി ലഭിക്കുന്നതിനുള്ള അനുമതിയും നൽകുക എന്നീ ആവശ്യങ്ങൾ ഉന്നിപറഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതത്തിലെ കുറവ്

180 (6631) ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ വിഹിതത്തിൽ കുറവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ലാഭത്തിൽ കുറവ് വരുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭവിഹിതം നൽകിയ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ സർക്കരിന്റെ കാലത്ത് കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള The Kerala Minerals & Metals Ltd., Malabar Cements Ltd., Steel and Industrial Forgings എന്നീ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, വിപണി മാന്ദ്യം, മെഷീനറികളുടെ അറ്റകുറ്റപ്പണികൾ മൂലം ഉൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള കുറവ്, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, വൈദ്യുതി ചാർജ് വർധന മുതലായവ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം കുറയാൻ കാരണമായിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) ലാഭവിഹിതം നൽകിയ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് (2011-12) നൽകിയ ലാഭ വിഹിതത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ 2012-13 കാലയളവിൽ The Kerala Minerals & Metals Ltd., Steel and Industrial Forgings എന്നീ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. Transformers & Electricals Kerala Ltd. 2012-13 കാലയളവിൽ ലാഭവിഹിതം നൽകിയിട്ടില്ല.

"ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ"

181 (6632) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ചെറുകിട വ്യവസായമേഖലയിൽ പുതിയ സംരംഭങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ചെറുകിട വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കുമെന്നും ഇതിനുള്ള ഭൂമി ഏത് മേഖലയിൽ നിന്ന് കണ്ടെത്തി നൽകാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായസംരംഭങ്ങൾ പ്രതിസന്ധി കാരണം പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly